**എം ജി ബിരുദ ഏകജാലക പ്രവേശനം: ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. അപേക്ഷകർ അപ് ലോഡ് ചെയ്യുന്ന സാക്ഷ്യപത്രങ്ങളുടെ കൃത്യത ഉറപ്പു വരുത്തേണ്ടതാണ്.**

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ/എയ്ഡഡ്/സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലേ ഏകജാലകം വഴിയുള്ള ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിനായുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു.

കോവിഡ് 19 വൈറസ് വ്യാപനം മൂലമുള്ള പ്രത്യേക സാഹചര്യം പരിഗണിച്ച് പ്രവേശന നടപടികൾ പൂർണ്ണമായും ഓൺലൈനായി ആയിരിക്കും നടത്തുക. ഓൺലൈൻ പ്രവേശന നടപടികൾ അയതു കൊണ്ട് എൻ സി സി/എൻ എസ് എസ്/വിമുക്തഭടൻ എന്നീ വിഭാഗങ്ങൾക്കുള്ള ബോണസ് മർക്ക് ലഭിക്കുന്നതിനായുള്ള സാക്ഷ്യപത്രങ്ങൾ, പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗക്കാർ, ഒ ഇ സി, എസ് ഇ ബി സി എന്നീ വിഭാഗക്കർ മുന്നോക്കക്കാരിലെ പിന്നോക്കക്കർ എന്നീ വിഭാഗങ്ങളിലെ സംവരണത്തിനാവശ്യമായ സാക്ഷ്യപത്രങ്ങളുടെ ഡിജിറ്റൽ പകർപ്പുകൾ അപ് ലോഡ് ചെയ്യേണ്ടതായുണ്ട്.

പ്രോസ്പെക്ടസിൽ പറയും പ്രകാരം സംവരണാനുകൂല്യത്തിനായി ആവശ്യമായ സാക്ഷ്യപത്രങ്ങളാണ് അപ്ലോഡ് ചെയ്തിരിക്കുന്നത് എന്നു അപേക്ഷകൻ ഉറപ്പ് വരുത്തേണ്ടതാണ്. ഇതിനു വിരുദ്ധമായി ഏതെങ്കിലും സാക്ഷ്യപത്രങ്ങൾ അപ്ലോഡ് ചെയ്ത പക്ഷം പ്രവേശനം റദ്ദാക്കപ്പെടുന്നതിനു സാധ്യതയുണ്ടെന്നതിനാൽ ഏവരും ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തണമെന്നു അഭ്യർത്ഥിച്ചു കൊള്ളുന്നു. പട്ടിക ജാതി /പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർ സംവരണാനുകൂല്യം തെളിയിക്കുന്നതിനായി ജാതി സർട്ടിഫിക്കറ്റും എസ് ഇ ബി സി/ഒ ഇ സി വിഭാഗത്തിൽപ്പെടുന്നവർ ജാതി സർട്ടിഫിക്കറ്റും വരുമാന സർട്ടിഫിക്കറ്റും അപ്ലോഡ് ചെയ്യുകയോ ഇതിനു പകരമായി നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് അപ് ലോഡ് ചെയ്യുകയോ ചെയ്യാവുന്നതാണ്. ഇ ഡബ്ല്യു എസ് വിഭാഗത്തിൻെറ ആനുകൂല്യം അവകാശപ്പെടുന്നവർ 'ഇൻകം ആൻഡ് അസ്സറ്റ്സ് സർട്ടിഫിക്കറ്റ്' അപ്ലോഡ് ചെയ്യേണ്ടതാണ്. സംവരണാനുകൂല്യം ആവശ്യമില്ലാത്ത പിന്നോക്ക വിഭാഗത്തിൽപ്പെടുന്നവർക്ക് പൊതു വിഭാഗം സെലക്ട് ചെയ്യുകയോ വരുമാനം 8 ലക്ഷത്തിൽ കൂടുതലായി നൽകിയതിനു ശേഷം സംവരണം ആവശ്യമില്ലാ എന്ന ഓപ്ഷൻ തെരഞ്ഞെടുക്കാവുന്നതോ ചെയ്യാവുന്നതാണ്. എൻ സി സി /എൻ എസ് എസ് എന്നീ വിഭാഗങ്ങളിൽ ബോണസ് മാർക്ക് ക്ലെയിം ചെയ്യുന്നവർ പ്ലസ് ടു തലത്തിലെ സാക്ഷ്യപത്രങ്ങളാണ് അപ് ലോഡ് ചെയ്യേണ്ടത്. ഇതേ പോലെ തന്നെ വിമുക്തഭടൻ/ജവാൻ എന്നിവരുടെ ആശ്രിതർക്ക് ലഭ്യമാവുന്ന ബോണസ് മാർക്കിനായി ജില്ലാ സൈനിക ക്ഷേമ ഓഫീസിൽ നിന്നും ലഭ്യമാവുന്ന സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ഇതിനായി ആർമി/നേവി/എയർഫോഴ്സ് എന്നീ വിഭാഗങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളൂ.

## എം ജി ഇൻറഗ്രേറ്റഡ് പ്രോഗ്രാമുകളിലേക്കുള്ള ഏകജാലകപ്രവേശനം

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ/എയ്ഡഡ്/സ്വാശ്രയ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലേ ഏകജാലകം വഴിയുള്ള ഇൻറഗ്രേറ്റഡ് ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിനായുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു.

പഞ്ചവത്സര ഇൻറഗ്രേറ്റഡ് പ്രോഗ്രാമുകളിലെ പ്രവേശനത്തിനു പ്രത്യേകമയി അപേക്ഷിക്കണം. ഇതിനായി ക്യാപ്പ് വെബ് സൈറ്റിലെ ഐ പി ക്യാപ്പിൽ ക്ലിക്ക് ചെയ്ത് രജിസ്റ്റെർ ചെയ്യാവുന്നതാണ്. കോളേജ്-പ്രോഗ്രാം വിശദാംശങ്ങളും സീറ്റ് ലഭ്യതയും മറ്റ് അനുബന്ധ വിവരങ്ങളും ഐ പി ക്യാപ്പ് വെബ്സൈറ്റിൽ ലഭ്യമാണ്.